# പാരസ്പര്യത്തിന്റെ സാന്ത്വനസ്പർശം

ഡോ. വടക്കേടത്ത് പത്മനാഭൻ

**അരനൂറ്റാണ്ടിനുശേഷം** എഴുതാപ്പെടാനിരിക്കുന്ന കേരള ചരിത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയേക്കാം. **"ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദം വരെ വൃദ്ധജനങ്ങളേയും തീരാവ്യാധി പിടിപെട്ടവരേയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് കേരളീയർ ബോധവാന്മാരായിരുന്നില്ല. ഇക്കാലഘട്ടത്തിൽ വൃദ്ധസദനങ്ങളോ സാന്ത്വന ചികിത്സാലയങ്ങളോ കേരളത്തിലുണ്ടായിരുന്നുവെന്നതിന് രേഖകളില്ല. വൃദ്ധരേയും തീരാവ്യാധികൾക്കടിമപ്പെട്ടവരേയും കേരളീയ സമൂഹം തീർത്തും അവഗണിച്ചിരുന്നു എന്നുവേണം കരുതാൻ. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ, പരിഷ്കൃതലോകവുമായുള്ള സമ്പർക്കത്തിന്റെ ഫലമായി നടപ്പാക്കിയ ആഗോളവത്ക്കരണ സമ്പദ്‌വ്യവസ്ഥയുടെ ഫലമായിട്ടാണ് കേരളത്തിൽ വൃദ്ധരേയും രോഗികളേയും സംരക്ഷിക്കണമെന്ന ബോധം വളർന്നുവരികയും വൃദ്ധസദനങ്ങളും സാന്ത്വന ചികിത്സാലയങ്ങളും വ്യാപകമായി ഉയർന്നുവരികയും ചെയ്തത്. പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഫലമായി ഉയർന്നുവന്ന സമ്പന്ന വിഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തൽപ്പരരാവുകയും ഇത്തരം സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ മുന്നോട്ടു വരികയും ചെയ്തു."**

വസ്തുനിഷ്ഠമായി പരിശോധിച്ചാൽ ഈ പ്രസ്താവനയിൽ തെറ്റൊന്നും കണ്ടെത്താനാവുകയില്ല. വസ്തുനിഷ്ഠത വാസ്തവവുമായി പൊരുത്തപ്പെടാതെ പോകുന്നുവെന്നത് വിശദമാക്കാൻ വേണ്ടി മാത്രമല്ല ഈ ഉദാഹരണം. സാന്ത്വന ചികിത്സാലയങ്ങൾ ആവശ്യമാക്കുന്ന രാഷ്ട്രീയ പരിസരത്തെക്കുറിച്ചും ഇത് സൂചന നൽകുന്നുണ്ട്. സമൂഹത്തിൽ അന്തർലീനമായ പാരസ്പര്യത്തെ സാന്ത്വന ചികിത്സയെന്ന വൈദഗ്ദ്ധ്യം ആവശ്യപ്പെടുന്ന തൊഴിലായി പരിവർത്തനപ്പെടുത്തുന്ന സാമൂഹിക പരിണാമത്തെയാണിത് വെളിപ്പെടുത്തുന്നത്. അറിവിന്റെ, വൈദഗ്ദ്ധ്യത്തിന്റെ സവിശേഷവൽക്കരണത്തിൽ സമൂഹത്തിൽ നിന്നുള്ള അന്യവത്കരണം ഏറിയോ കുറഞ്ഞോ ഉള്ളടങ്ങിയിട്ടുണ്ട്. ആരോഗ്യ പരിചരണ മേഖലയാണ് ഈ അധാർമ്മിക പ്രവണതയുടെ മുന്നറ്റത്ത്.



സാമൂഹിക പ്രവർത്തനങ്ങളുടെ പുരോഗമന/പ്രതിലോമ സ്വഭാവത്തെ നിർണ്ണയിക്കുന്നതിൽ ഈ പ്രവണതയെ ഒരു ഘടകമാക്കാവുന്നതാണ്. പാരസ്പര്യത്തിന്റെ സാന്ത്വന സ്പർശം ജീവിത വ്യവഹാരങ്ങളുടെ ഡൈനാമിക്സിന്റെ ഭാഗമാകുമ്പോഴാണ് ഒരു സമൂഹം യഥാർത്ഥത്തിൽ ഉന്നതി പ്രാപിക്കുന്നത്. വികസനത്തിലെ ജനപങ്കാളിത്തം എന്നതുകൊണ്ട് വിവക്ഷിക്കുന്നതും ഇതുതന്നെയാണ്. രോഗശമനത്തിന് അവശജന സംരക്ഷണത്തിന്, കൂടുതൽ വൈദഗ്ദ്ധ്യമുള്ള ഏജൻസികളെ ആശ്രയിക്കുന്ന സമൂഹമല്ലാ ആ ബാധ്യത സ്വയംഏറ്റെടുക്കുന്ന സമൂഹമാണ് അഭിലഷണീയം. അധികാരത്തിന്റേയും സമ്പത്തിന്റേയും കാര്യത്തിൽ കൂടുതൽ വികേന്ദ്രീകരണം ഇതിന്റെ മറ്റൊരു വശമാണ്.

സേവനമേഖലയിലായാലും സാമ്പത്തിക മേഖലയിലായാലും മൂല്യോല്പാദനം കേന്ദ്രീകൃതവും വൈദഗ്ദ്ധ്യമാവശ്യപ്പെടുന്നതുമായ സവിശേഷ ഏജൻസികൾക്ക് വിട്ടുകൊടുക്കുന്നതിനർത്ഥം ആ മേഖല സമൂഹത്തിൽ നിന്ന് കൈവിട്ടുപോകുന്നു എന്നാണ്, സമൂഹം കൂടുതൽ ദരിദ്രവത്ക്കരിക്കപ്പെടുന്നു എന്നാണ്. കൂടുതൽ ഹൈടെക് ആശുപത്രികൾ ആവശ്യമാകുന്ന സമൂഹം ആരോഗ്യകാര്യങ്ങളിൽ കൂടുതൽ അരക്ഷിതമാണെന്നു കാണാം. ഒരു പക്ഷേ, കേരളത്തിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലെ.

അതുകൊണ്ട്, സാന്ത്വന ചികിത്സയെക്കുറിച്ചോ, രോഗചികിത്സയെക്കുറിച്ചോ (ഏതുതരം ഉല്പാദനത്തെക്കുറിച്ചും) ചിന്തിക്കുമ്പോൾ കൂടുതൽ സാങ്കേതികത്വമുള്ളത്, കൂടുതൽ വൈദഗ്ദ്ധ്യമാവശ്യപ്പെടുന്നത്, കൂടുതൽ കേന്ദ്രീകൃതമായത്, കൂടുതൽ പണച്ചെലവുള്ളത്, കൂടുതൽ വിഭവങ്ങളുപയോഗിക്കുന്നത് എന്നിവയുടെ എതിർദിശയിലായിരിക്കണം നമ്മുടെ മുൻഗണനാക്രമം.

*(ഗവ. ഹോമിയോ ഡോക്ടർ, ചിന്തകൻ / എഴുത്തുകാരൻ)*
അണ്ണല്ലൂർ പി.ഒ., അഷ്ടമിച്ചിറ, തൃശൂർ

*With best compliments from*
CENTRE FOR
POST GRADUATE STUDIES
P.G. Centre
North Bus Stand, Thrissur-20
Ph : 2338983, 2331714
e-mail : trc_postgrad@sancharnet.in.